നായാടി വിഭാഗത്തിന്റെ ഉന്നമനം

22 (185) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ അധിവസിക്കുന്ന നായാടികൾ എന്ന ജനവിഭാഗത്തെ കുറിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഈ വിഭാഗം ഇപ്പോഴും മുഖ്യധാരയിൽ നിന്നും അകന്നാണ് കഴിയുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ വിദ്യാഭ്യാസത്തിന് കോളനിയോടനുബന്ധിച്ച് എന്തെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ ;

(ഡി) ഇവരുടെ ഇടയിൽ അഭ്യസ്തവിദ്യർ വിരലിലെണ്ണാവുന്നവർ മാത്രമേ ഉള്ളൂ എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഇ) ഈ വിഭാഗത്തിൽ സർക്കാർ സർവ്വീസിൽ ആരെങ്കിലും ജോലി നോക്കുന്നുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ ;

(എഫ്) ഈ വിഭാഗത്തിൽ നിന്ന് ഇപ്പോൾ വിദ്യാഭ്യാസം നേടുന്നവരുടെ വിശദാംശം നൽകാമോ ;

(ജി) ഒരു പ്രത്യേക പ്രദേശത്ത് ഇപ്പോഴും അപരിഷ്കൃതരും അശരണരുമായി കഴിയുന്ന ഇവരുടെ ഉന്നമനത്തിന് സമഗ്രമായ പദ്ധതി അടിയന്തിരമായി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമികമായ വിവരങ്ങൾ കിർത്താഡ്സ് ശേഖരിച്ചിട്ടുണ്ട്. വിശദമായ പഠനം നടത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) കോളനിയോട് അനുബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. എന്നാൽ ശരാശരി 1 മുതൽ 2 വരെ കിലോമീറ്റർ ചുറ്റളവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ആറു പേർ. കേന്ദ്ര/സംസ്ഥാന ബാങ്കിംഗ് സർവ്വീസുകളിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(എഫ്) സ്കൂൾ തലത്തിൽ 64 വിദ്യാർത്ഥികൾ പ്രതിമാസ സ്റ്റൈപന്റോടുകൂടി പഠനം നടത്തുന്നുണ്ട്. പോസ്റ്റ് മെട്രിക് തലത്തിൽ ആരും പഠനം നടത്തുന്നില്ല.

(ജി) നടപടി സ്വീകരിച്ചു വരുന്നു. പട്ടികജാതി വികസന വകുപ്പ്, കേന്ദ്ര ഗവൺമെന്റിന്റെ കയർ ബോർഡുമായി സഹകരിച്ച് 30 സ്ത്രീകൾക്ക് 2 മാസം

LIBRARY ARCHIVES Kerala Legislative Assembly

നീണ്ടു നിൽക്കുന്ന കയർപിരി പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 10 യുവാൾക്ക് ഫർണീച്ചർ നിർമ്മാണത്തിൽ പരിശീലനം നൽകി മംഗലം സമൃദ്ധി കേന്ദ്രത്തിൽ വർക്കറായി നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മറ്റിതര പട്ടികജാതിക്കാർക്ക് കൊടുക്കുന്ന 50,000രൂപയ്ക്ക് പുറമേ 10,000 രൂപ കൂടി അധികമായി നൽകുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി വഴി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം 13 നായാടി കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

ദേശീയ യുവജനോത്സവത്തിന്റെ വേദി

23 (186) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ .നാരായണക്കുറുപ്പ് :
ശ്രീ. കെ. എം .മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ.മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കേരളോത്സവം പരിപാടികളുടെ പുരോഗതിയെന്തായെന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിൽ സംഘടിപ്പിക്കുന്നതിന് പരിപാടിയിട്ടിരുന്ന ദേശീയ യുവജവനോത്സത്തിന്റെ വേദി സംസ്ഥാനത്തിന് പുറത്തേക്ക് മാറ്റിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കത്തിടപാടുകൾ നടത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഇക്കൊല്ലത്തെ കേരളോത്സവം പരിപാടികൾ, പഞ്ചായത്ത്/ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാതല മത്സരങ്ങൾ ഒക്ടോബറിൽ തന്നെ ആരംഭിച്ചു. സംസ്ഥാനതല കേരളോത്സവം 2000 ജനുവരി 2 മുതൽ 5 വരെ എറണാകുളത്ത് വിവിധ വേദികളിൽ കാര്യക്ഷമമായി നടന്നു. ഈ വർഷം ഗ്രാമ പഞ്ചായത്തുകളുടെ 99% പങ്കാളിത്തവും ലഭിച്ചിട്ടുണ്ട്. ഇഥംപ്രദമായി, ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ ഒന്നും,രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ്മണി നല്കിയിട്ടുള്ളതിനാൽ കടുത്ത മത്സരം തന്നെ ഇക്കൊല്ലം ഉണ്ടായി. 42 ലക്ഷം രൂപ സംസ്ഥാന ജില്ലാതല മത്സര വിജയികൾക്ക് പ്രൈസ്മണിയായി വിതരണം ചെയ്തു.

(ബി) ഉണ്ട്.

(സി) വേദി മാറ്റിയതിന്റെ വ്യക്തമായ കാരണം കേന്ദ്ര സർക്കാർ, കേരള സർക്കാരിനെ അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly